വിദ്യോദയം പദ്ധതി

21(*201) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യോദയം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള വിവിധ പദ്ധതികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിയിരിക്കുന്ന പേരാണ് 'വിദ്യോദയം'. വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും 110 പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും വിവിധ തരത്തിലുള്ള അറ്റകുറ്റപ്പണികൾ, ജല ലഭ്യത, ടോയ്ലറ്റുകൾ തുടങ്ങിയ തരത്തിലുള്ള അടിസ്ഥാന വികസനത്തിനായി വിദ്യോദയം പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും 107 പ്രീമെട്രിക് ഹോസ്റ്റലുകളുടെയും 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാനസൗകര്യ വികസനം ഉറപ്പാക്കുക എന്നതാണ് വിദ്യോദയം പദ്ധതിയുടെ ലക്ഷ്യം. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും സർവ്വതോന്മുഖമായ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും അതുവഴി ടി സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയുമാണ് വിദ്യോദയം പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി മേൽപ്പറഞ്ഞ ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന സൗകര്യാവശ്യങ്ങൾ ലഭ്യമാക്കി ആയതിനുള്ള പരിഹാര നടപടികൾ ടി പദ്ധതിയിലൂടെ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും ഹോസ്റ്റലുകളിലേയും ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ് വർക്ക്, സെക്യൂരിറ്റി റൂം, കഴൽക്കിണർ എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ എന്നിവിടങ്ങളിൽ താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ എന്നിവയ്ക്കും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡെസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകൾക്കാവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവ ഈ പദ്ധതി പ്രകാരം ലഭ്യമാക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭക്ഷ്യ സംസ്കരണ വ്യവസായം

22(*202) ശ്രീ. സി.മമ്മൂട്ടി :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ വികസന കാര്യത്തിൽ ഭക്ഷ്യ സംസ്കരണ മേഖല വഹിക്കുന്ന പങ്ക് എത്രയാണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വ്യവസായങ്ങളുടെ സ്ഥാപനത്തിനും അവയുടെ വളർച്ചയിലും കൈവരിക്കാനായ നേട്ടം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വ്യവസായ വളർച്ചയ്ക്ക് അനിവാര്യമായ കാർഷിക വിഭവ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് സഹായമോ, പ്രോത്സാഹനമോ നൽകുന്നുണ്ടോ ;എങ്കിൽ വിശദമാക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

LIBRARY ARCHIVES Kerala Legislative Assembly